"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2026-27 - സംരക്ഷണ (റോഡിതരം) ഫണ്ട് - ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് - 2025-26 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതിൽ ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.5583/2026/ധന　　　　തീയതി, തിരുവനന്തപുരം, 07-07-2026

---

പരാമർശം : 1. 19/03/2026 തീയതിയിലെ എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറുടെ എൽ.എസ്.ജി.ഡി/പി.ഡി/9264/2026-പി.ഇ1 നം. കത്ത്

2. 18/11/2025 തീയതിയിലെ കൊട്ടാരക്കര സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

2025-26 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്, വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥ ആയി നടപ്പിലാക്കിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജകറ്റ് നം- 36/25-26) എന്ന പദ്ധതിയ്ക്കായി സംരക്ഷണ (റോഡിതരം) ഫണ്ടിൽ നിന്നും ഗുണഭോക്താവായ നീതി മെഡിക്കൽസിന് (കൊട്ടാരക്കര മുൻസിപ്പൽ സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡ് Q 431) നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹3,00,000/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ കൊട്ടാരക്കര സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് 2025-2026 ലെ വാർഷിക

പദ്ധതിയിൽ ഉൾപ്പെടുത്തി വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥ ആയി നടപ്പിലാക്കിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജകറ്റ് നം- 36/25-26) എന്ന പദ്ധതിയ്ക്കായി കൊട്ടാരക്കര മുൻസിപ്പൽ സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡ് Q 431 -ന് നൽകുന്നതിനായി 2026-27 സാമ്പത്തിക വർഷത്തിലെ സംരക്ഷണ ഫണ്ടിന്റെ 3604-00-200-77-05-00-00-N-V (റോഡിതരം) ശീർഷകത്തിൽ നിന്നും ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിന് (G020301) ₹3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം), ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 2026-27 സാമ്പത്തിക വർഷത്തിലെ സംരക്ഷണ ഫണ്ടിന്റെ (റോഡിതരം) വിഹിതത്തിൽ നിന്നും കുറവ് വരുത്തുമെന്ന നിബന്ധനയോടെ, പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് നീതി മെഡിക്കൽസിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി ഗോപകുമാർ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3468396)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ